**സത്യം ശൌചം ദയാ ക്ഷാന്തിസ്ത്യാഗസ്സന്തോഷ ആർജവം**
**ശമോ ദമസ്തപസ്സാമ്യം തിതിക്ഷോപരതി: ശ്രുതം (1–16–27)**
**ജ്ഞാനം വിരക്തിരൈശ്വര്യം ശൌര്യം തേജോ ബലം സ്മൃതി:**
**സ്വാതന്ത്ര്യം കൌശലം കാന്തിർധൈര്യം മാർദ്ദവമേവ ച. (1–16–28)**
**പ്രാഗത്ഭ്യം പ്രശ്രയശ്ശീലം സഹ ഓജോ ബലം ഭഗ:**
**ഗാംഭീര്യം സ്ഥൈര്യമാസ്തിക്യം കീർത്തിർമ്മാനോ/നഹം കൃതി: (1–16–29)**
**ഏതേചാന്യേ ച ഭഗവന്നിത്യാ യത്ര മഹാഗുണാ:**
**പ്രാർത്ഥ്യാ മഹത്വമിച്ഛദ്ഭിർന്ന വിയന്തി സ്മ കർഹിചിത് (1–16–30)**

സൂതൻ തുടർന്നു:
കാലക്രമത്തിൽ ധർമ്മിഷ്ഠനും ഭക്തനുമായ പരീക്ഷിത്തുരാജാവ് വിവാഹം ചെയ്തു. അദ്ദേഹത്തിനു നാലുപുത്രന്മാരുമുണ്ടായി (ജനമേജയനും മറ്റും). പരീക്ഷിത്തു നടത്തിയ മൂന്ന് അശ്വമേധയാഗങ്ങളിൽ തൃപ്തരായ ദേവകൾ നേരിട്ടുവന്നാണ് അർഘ്യം സ്വീകരിച്ചത്. രാജാവ് കുരുജംഗാളപ്രദേശത്ത് താമസിക്കുന്ന സമയത്താണ് കലികാലത്തിൻെറ തുടക്കമായെന്നും അധാർമ്മികരായ ആൾക്കാർ രാജ്യത്തു പ്രവേശിക്കുന്നുണ്ടെന്നും അറിയാനിടയായത്. ഇതുകേട്ടു ദു:ഖിതനായ രാജാവ് കാര്യങ്ങൾ നേരിട്ടുകണ്ടുമനസ്സിലാക്കാൻ രാജ്യംമുഴുവൻ സഞ്ചരിച്ചു. ഇപ്പോഴും ജനങ്ങൾ ശ്രീകൃഷ്ണമഹിമകളും പാണ്ഡവകഥകളുംപാടി അവരുടെഅപദാനങ്ങൾ വാഴ്ത്തുന്നുവെന്നു മനസ്സിലാക്കിയ രാജാവ് ഏറെ സന്തോഷിച്ചു. താൻ മാതൃഗർഭത്തിലിരിക്കുമ്പോൾ ശ്രീകൃഷ്ണഭഗവാനാൽ എങ്ങിനെയാണ് രക്ഷിക്കപ്പെട്ടതെന്നുകൂടി അവർ രാജാവിനെ ചൊല്ലിക്കേൾപ്പിച്ചു. ഗ്രാമീണർ ഈദൃശകഥകളെ മനോഹരങ്ങളായ നാടൻശീലുകളിലാക്കി യാണവതരിപ്പിച്ചത്. ശ്രീകൃഷ്ണൻേറയും പാണ്ഡവവീരന്മാരുടേയും കഥകൾ നിലനിൽക്കാനായി ഗായകർക്ക് വേണ്ടത്ര സമ്മാനങ്ങളും പ്രശംസകളും നൽകി രാജാവവരെസന്തുഷ്ടരാക്കി.

പിന്നെ രാജാവിന് വല്ലാത്തൊരുദർശനം ലഭിച്ചു. ഒറ്റക്കാലിൽ നിൽക്കുന്നൊരുകാള, കരയുന്നൊരു പശുവിനെ സമാധാനിപ്പിക്കുകയാണ്. ധർമ്മത്തിൻെറ അവതാരമാണ് കാള. പശുവാകട്ടെ ഭൂമിയും. രാജാവ് അത്ഭുതസ്തബ്ധനായിനിൽക്കെ കാള പശുവിനോടു ചോദിച്ചു. “നീ കരയുന്നത് എൻെറ മൂന്ന്കാലുകളും നഷ്ടപ്പെട്ടതുകണ്ടിട്ടാണൊ? അതോ ഭൂമിയിനി താമസിയാതെ അധാർമ്മികരും ദുഷ്ടരുമായ സംസ്കാരഹീനരാൽ ഭരിക്കപ്പെടും എന്നറിഞ്ഞിട്ടോ? അതോ ആത്മീയവിജ്ഞാനം കറപുരണ്ടകൈകളിൽ വീണതറിഞ്ഞിട്ടോ? ബ്രാഹ്മണർ വിജ്ഞാനത്തെ ധനത്തിനും സ്ഥാനമാനങ്ങൾക്കുംവേണ്ടി വിൽക്കുന്നതുകണ്ടിട്ടോ?.”

ഭൂമി (പശു) പറഞ്ഞു: “ധർമ്മാത്മൻ, അങ്ങേയ്ക്കുത്തരമറിയാം. ശ്രീകൃഷ്ണനുണ്ടായിരുന്നപ്പോൾ അങ്ങേയ്ക്കു നാലുകാലുകളും ഉണ്ടായിരുന്നല്ലോ?. ആ കരുണകൊണ്ട് എൻെറഭാരവും കുറഞ്ഞിരുന്നു. സത്യം, ശുചി, ദയ, ക്ഷാന്തി, ത്യാഗം, തൃപ്തി, ആർജവം, സമ, ദമ, തപസ്സുകൾ, ക്ഷമ, സഹിക്കാനുള്ള കഴിവ്, ശാന്തി, സമാധാനം, വിജ്ഞാനം, സാക്ഷാത്ക്കാരം, ഇന്ദ്രിയനിയന്ത്രണം, നേതൃത്വം, നിഷ്പ്പക്ഷത, ദൈവീകത്വം, പ്രേമം, സ്ഥൈര്യം, മാന്യത, ശരിയായ നീതി, സ്വാതന്ത്ര്യം, മനസ്സുറപ്പ്, തയ്യാറെടുപ്പ്, ബഹുമാന്യത, സൽപ്പേര്, ഭക്തി, അഹംഭാവമില്ലായ്മ, എന്നുവേണ്ട എല്ലാ മൂല്യങ്ങളും ആ ഭഗവാനുണ്ടല്ലൊ. അതാണ് ഉന്നതവ്യക്തികൾ തേടുന്നതും. ഭഗവാൻ പോയ ശേഷം അങ്ങയുടെ സ്ഥിതിയോർത്ത് ഞാൻ സങ്കടപ്പെടുന്നു. മറ്റുള്ളവരുടേയും സ്ഥിതി ഇതുതന്നെ. ഭഗവാനില്ലാത്ത ഈ ലോകത്ത് ധർമ്മവും ദൈവീകതയും എങ്ങിനെയാണുവാഴുക? ദുഷ്ടജനങ്ങൾ എൻെറഭാരംകൂട്ടുന്ന വെറുംചുമടുകളാണ്. അതിനാലാണുഞാൻ ദു:ഖിക്കുന്നത്.”